# തിരുവനന്തപുരം ലത്തീൻ അതിരൂപത
# വാർഷിക പദ്ധതി 2010-11

ഇടവക-ഫെറോന-രൂപത തലങ്ങളിലുള്ള എല്ലാ ശുശ്രൂഷകളും കമ്മിഷനുകളും സ്ഥാപനങ്ങളും പിന്നിടുന്ന സാമ്പത്തിക വർഷത്തിന്റെ 2009-10 വാർഷിക പദ്ധതി-ബജറ്റ് നടത്തിപ്പ് വിലയിരുത്തൽ എന്നിവ സംബന്ധിച്ച, താഴെ പറയുന്ന എല്ലാ പ്രക്രിയകളും മാർച്ച് 31-നകം പൂർത്തീകരിക്കേണ്ടതാണ്.

- വിലയിരുത്തൽ: പിന്നിടുന്ന 2009-10 വർഷത്തെ പ്രവർത്തനങ്ങളെല്ലാം പദ്ധതി-ബജറ്റ് രേഖയുടെ അടിസ്ഥാനത്തിൽ സമഗ്രമായി വിലയിരുത്തണം. പ്ലാൻ ചെയ്ത കാര്യങ്ങൾ യഥാസമയം നടപ്പിലാക്കാൻ സാധിച്ചുവോ? ഏതൊക്കെ നടന്നു. ഏതൊക്കെ നടന്നില്ല. നടക്കാത്തത് എന്തുകൊണ്ട്? പ്ലാൻ ചെയ്യാത്ത പദ്ധതികൾ വല്ലതും ഏറ്റെടുത്ത് നടത്തിയോ? നടത്താനുണ്ടായ സാഹചര്യം എന്നിവ വ്യക്തമാക്കണം.
- കഴിഞ്ഞ ഒരു വർഷത്തിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ വിവിധ മേഖലകളിൽ ഇടവകയ്ക്കുണ്ടായ നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവ വിശദമാക്കണം.
- പദ്ധതിരൂപീകരണം 2010-2011 : മുൻവർഷത്തെ പദ്ധതികളുടെ വിലയിരുത്തലിന്റെ പശ്ചാത്തലത്തിലും, അതിൽ നിന്ന് ലഭിക്കുന്ന ഉൾക്കാഴ്ച്ചയുടെ വെളിച്ചത്തിലുമാണ് പുതിയ പദ്ധതി-ബജറ്റ് രേഖയ്ക്ക് രൂപം നൽകേണ്ടത്.
- പ്ലാനിംഗിന് സഹായിക്കുന്ന ഒരു ഫോർമാറ്റ്, അതിരൂപത കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്. അവ പ്രയോജനപ്പെടുത്തേണ്ടതാകുന്നു.
- ഓരോ മേഖലക്കുമായി അതിരൂപത നിർദ്ദേശിച്ചിട്ടുള്ള ധനവിഹിതം താഴെപ്പറയും പ്രകാരമാണ്:

| | | | | | |
|---|---|---|---|---|---|
| ബി.സി.സി. - മീഡിയ | - | 10% | കെ.സി.വൈ.എം. | - | 05% |
| അജപാലനം | - | 15% | വിദ്യാഭ്യാസം | - | 15% |
| സാമൂഹ്യം | - | 15% | ഇതരകാര്യങ്ങൾക്ക് | - | 40% |

## ഇടവക വാർഷിക പദ്ധതി

- വിലയിരുത്തലിനൊപ്പംതന്നെ പദ്ധതി രൂപീകരണത്തിനായി ബി.സി.സി. യൂണിറ്റുതലം മുതലുള്ള അഭിപ്രായ സ്വരൂപണവും നടത്തേണ്ടതാണ്. അതിനാൽ, ജനുവരി മാസത്തെ ബി.സി.സി. യോഗങ്ങളിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ച് വിലയിരുത്തൽ നടത്തുകയും, വരുന്ന വർഷത്തേക്കുള്ള കർമ്മ പരിപാടികൾക്കുള്ള നിർദ്ദേശങ്ങൾ ബി.സി.സി. യൂണിറ്റ് തലത്തിൽ സ്വരൂപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- ഇടവകയിൽ ബി.സി.സി.-തല ചർച്ചയെ തുടർന്ന് ശുശ്രൂഷാ സമിതികൾ / കമ്മിഷനുകൾ / സംഘടനകൾ വെവ്വേറെ കൂടി വാർഷിക പദ്ധതി തയ്യാറാക്കണം; ഈ പദ്ധതികൾ പാരിഷ് കൗൺസിലിൽ അവതരിപ്പിച്ച്, ചർച്ചചെയ്ത് മെച്ചപ്പെടുത്തി ഫിനാൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി വിടണം. ഫിനാൻസ് കമ്മിറ്റിയുടെ അഭിപ്രായങ്ങൾ കണക്കിലെടുത്ത് പ്രസ്തുത രേഖകൾക്ക് പാരിഷ് കൗൺസിൽ അന്തിമമായി അംഗീകാരം നൽകണം.
- പാരിഷ് കൗൺസിൽ അംഗീകരിച്ച വാർഷിക രേഖകളുടെ ഒരു കോപ്പി **ഫെബ്രുവരി മാസം 28-ാം** തിയതിക്ക് മുമ്പായി എപ്പിസ്കോപ്പൽ വികാരിയേയും മൂന്ന് കോപ്പികൾ ഫൊറോന വികാരിയേയും ഏല്പിക്കേണ്ടതാണ്.

## രേഖകൾ പരിശോധിക്കലും അംഗീകാരം നൽകലും

- ഫൊറോന വികാരിയുടെ പക്കൽ ലഭിക്കുന്ന ഇടവക പദ്ധതി-ബജറ്റ് വിലയിരുത്തൽ രേഖകൾ പരിശോധിച്ച് അംഗീകാരം നൽകുന്ന പ്രക്രിയയെ സംബന്ധിച്ച് ഫൊറോന വികാരിയുടെ നേതൃത്വത്തിൽ ശുശ്രൂഷ / കമ്മിഷനുകളുടെ വൈദീക കോർഡിനേറ്റർ, ജോയിന്റ് കോർഡിനേറ്റർ(സിസ്റ്റർ)മാർ, ആനിമേറ്റർമാർ വിവിധ ശുശ്രൂഷകളുടെ ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ സംയുക്ത യോഗം വിളിച്ച് ചർച്ച ചെയ്യേണ്ടതാണ്. ഈ ടീം, ശുശ്രൂഷ / കമ്മിഷൻ തിരിച്ച് ഇടവക രേഖകൾ പഠിച്ച് തൃപ്തികരമായവയ്ക്ക് അംഗീകാരം നൽകാൻ നിർദ്ദേശിക്കുകയും, ഫൊറോന വികാരി അംഗീകരിച്ചതായി ഒപ്പു വയ്ക്കേണ്ടതുമാണ്. ഇങ്ങനെ അംഗീകരിച്ച പദ്ധതി ബജറ്റ് രേഖകളുടെ ഒരു കോപ്പി ഇടവകകളിലേക്ക് തിരിച്ചു നൽകേണ്ടതും മറ്റൊരു കോപ്പി രൂപതാ ധനകാര്യാലയത്തിലേയ്ക്കും നൽകേണ്ടതുമാണ്. മറ്റുള്ളവയ്ക്ക് തിരുത്തൽ / മാറ്റംവരുത്തൽ / കൂട്ടിച്ചേർക്കൽ എന്നിവ നിർദ്ദേശിക്കുകയും ചെയ്യുന്ന കത്തുകൾ തയ്യാറാക്കി നൽകേണ്ടതുണ്ട്. ഇപ്രകാരം തയ്യാറാക്കുന്ന മറുപടികത്തുകൾ വൈദീക കോർഡിനേറ്റർമാർ ഫൊറോന വികാരിയെ

ഏല്പിക്കുകയും, ഫൊറോനവികാരി കത്തുകൾ പരിശോധിച്ച് ഒപ്പിട്ട് ബന്ധപ്പെട്ട ഇടവകകൾക്ക് **മാർച്ച് മാസം 10-ാം** തിയതിക്കകം നൽകുകയും ചെയ്യേണ്ടതാണ്. ഈ കത്തിന്റെ ഒരു കോപ്പി എപ്പിസ്കോപ്പൽ വികാരിക്കും കൊടുക്കേണ്ടതാണ്.

- ഫൊറോന വികാരിയുടെയും, എപ്പിസ്ക്കോപ്പൽ വികാരിയുടെയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഇടവകകൾ പദ്ധതി രേഖയ്ക്കും ബഡ്ജറ്റിനും ആവശ്യമായ തിരുത്തലുകൾ നടത്തി **മാർച്ച് 20-നകം** അന്തിമരൂപം നൽകി 2 കോപ്പികൾ ഫൊറോന വികാരിക്കും, ഒരു കോപ്പി എപ്പിസ്ക്കോപ്പൽ വികാരിക്കും, നൽകേണ്ടതാണ്. ഇവ ഫൊറോന സമിതി വിലയിരുത്തി ഫൊറോനാ വികാരിയുടെ അംഗീകാരത്തോടെ (ഒപ്പോടെ) **2010 മാർച്ച 25**-ന് മുമ്പായി ഒരു കോപ്പി ഇടവകയ്ക്ക് മടക്കി നൽകേണ്ടതും രണ്ടു കോപ്പികൾ അതിരൂപതാ ധനകാര്യാലയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. 2010 ഏപ്രിൽ 1-മുതൽ 2010-11 വാർഷിക പദ്ധതി-ബജറ്റ് പ്രാബല്യത്തിൽ വരുന്നതായിരിക്കും.

**ഫൊറോന തലത്തിൽ**

- ഫൊറോനാതല ശുശ്രൂഷകളുടെ വാർഷിക പദ്ധതി-ബജറ്റ് രേഖകൾ തയ്യാറാക്കേണ്ടത് പിന്നിടുന്ന (2008-09) വർഷത്തിന്റെ സമഗ്രമായ ഒരു വിലയിരുത്തലിന് ശേഷമായിരിക്കണം. ശുശ്രൂഷ / കമ്മിഷനുകളുടെ ഫൊറോന ജനറൽ ബോഡിയിലാണ് കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് കണക്ക് സഹിതം അവതരിപ്പിച്ച് വിലയിരുത്തൽ - പദ്ധതി & ബജറ്റ് രൂപീകരണം എന്നീ പ്രക്രിയകൾക്ക് തുടക്കം കുറിക്കേണ്ടത്.
- ശുശ്രൂഷ / കമ്മിഷനുകളുടെ ഫൊറോന ജനറൽ ബോഡിയുടെ ഫെബ്രുവരി മാസത്തെ യോഗത്തിൽ ഈ പ്രക്രിയയ്ക്ക് തുടക്കം കുറിക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ ശുശ്രൂഷ / കമ്മിഷന്റെ അതിരൂപതാ തല പ്രതിനിധിയുടെ സാന്നിദ്ധ്യം ആവശ്യപ്പെടാവുന്നതും, അതത് ശ്രുശ്രൂഷകളുടെ ഫൊറോന-അതിരൂപത ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും കർമ്മ പരിപാടികൾക്കുള്ള കരട് നിർദ്ദേശങ്ങളും സ്വീകരിക്കാവുന്നതുമാണ്.
- ശുശ്രൂഷ / കമ്മിഷനുകൾ വെവ്വേറെ കൂടി തയ്യാറാക്കുന്ന ഫൊറോന വാർഷിക പദ്ധതി - ബജറ്റ് രേഖ മാർച്ച് മാസം 1-ാം തിയതിക്കകം ഫൊറോന കൗൺസിലിൽ അവതരിപ്പിച്ച് ചർച്ച് ചെയ്ത് നിർദ്ദേശങ്ങളോടെ, ഓരോ ശുശ്രൂഷയുടേയും കോ-ഓർഡിനേറ്റർമാർ പദ്ധതി-ബജറ്റ് രേഖയുടെ പകർപ്പിന്റെ ഒരു കോപ്പി എപ്പിസ്ക്കോപ്പൽ വികാരിക്കും 2 കോപ്പികൾ അതിരൂപത കോർഡിനേറ്ററുടെ ഓഫീസിലും മാർച്ച് മാസം 10-ാം തിയതിക്കകം എത്തിക്കേണ്ടതാണ്. പ്രസ്തുത രേഖകൾ രൂപതാ കേന്ദ്രത്തിൽ എപ്പിസ്ക്കോപ്പൽ വികാരി, രൂപത ഡയറക്ടർമാർ / സെക്രട്ടറിമാർ എന്നിവർ പഠിച്ച് നിരീക്ഷണത്തോടെ **മാർച്ച് 15-ാം തിയതിക്കകം** രേഖകൾ ഫൊറോന കോ-ഓർഡിനേറ്റർമാർക്കും ഫൊറോന വികാരിമാർക്കും നൽകുന്നതും അവരുടെ തിരുത്തലുകളോടെ ഫൊറോന കൗൺസിൽ എക്സിക്യൂട്ടീവ് വിളിച്ചു ചേർത്ത് ഫൊറോന പ്ലാൻ-ബജറ്റ് രേഖയ്ക്ക് അന്തിമരൂപം നൽകേണ്ടതുമാകുന്നു. ഫൊറോന കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (സാമ്പത്തിക സമിതി രൂപീകരിച്ചിട്ടുള്ള ഫൊറോനയിൽ സാമ്പത്തിക സമിതിയുടെ) അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഒരു കോപ്പി എപ്പിസ്കോപ്പൽ വികാരിക്കും 3 കോപ്പികൾ അതിരൂപത കേന്ദ്രത്തിലും **മാർച്ച് മാസം 25-ാം തിയതിക്കകം** സമർപ്പിക്കേണ്ടതുമാകുന്നു.
- ഏപ്രിൽ 1-ന് ഫൊറോന വാർഷിക പദ്ധതി-ബജറ്റ് രേഖ പ്രാബല്യത്തിൽ വരും.

**അതിരൂപത വാർഷിക പദ്ധതി 2010-2011**

വിവിധ ശുശ്രൂഷ / കമ്മിഷനുകൾ 2009-2010 വർഷത്തെ കർമ്മപരിപാടികളുടെ റിപ്പോർട്ടുകൾ അതത് സമിതികളുടെ കേന്ദ്ര യോഗങ്ങളിൽ സമർപ്പിച്ച് വിലയിരുത്തലോടെ 2010-2011 വർഷത്തേയ്ക്കുള്ള കർമ്മപരിപാടികൾ ഇടവക, ഫൊറോന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കേണ്ടതും, അതത് സമിതികളുടെ ബോഡികളിൽ ചർച്ച ചെയ്യേണ്ടതും 4 പകർപ്പുകൾ അതിരൂപത കോ-ഓർഡിനേഷൻ ഓഫീസിൽ ഫെബ്രുവരി മാസം 25-ാം തിയതിയോടെ എത്തിക്കേണ്ടതുമാകുന്നു. അതിരൂപത ഫൈനാൻസ് ഓഫീസിന്റെ നിരീക്ഷണങ്ങളോടെ **മാർച്ച് മാസം 8-ാം തിയതിയോടെ** ശുശ്രൂഷ സമിതികൾക്ക് നൽകുന്നതും, ശുശ്രൂഷ സമിതികളുടെ തിരുത്തലുകളോടെ **മാർച്ച് മാസം 15-ാം തിയതിക്കകം** അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതുമാകുന്നു. കൂടാതെ, ഏപ്രിൽ മാസത്തിൽ കൂടുന്ന അതിരൂപത വൈദീക സെനറ്റ്-പാസ്റ്ററൽ കൗൺസിൽ സംയുക്ത യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതുമാകുന്നു.